اتحاد الطلبة السنيين لعموم كيرلا
**SKSSF**
STATE COMMITTEE

President:
Sayed Hameed Ali
Shihab Thangal Panakkad
+91 9447004601

Gen.Secretary:
O.P.Muhammed Ashraf
Kuttikadavu
+91 9847360605, +91 80863 05581

Treasurer:
Ayyoob
Muttil
+91 8281913538

സർക്കുലർ നമ്പർ: 15/2026

Download
SKSSF Sahchari App On
Google Play | App Store
skssfsahachari.com

**റമളാൻ: ആത്മീയതയുടെ അമൃത കാലം**
**SKSSF**

**റമളാൻ കാമ്പയിൻ**
**ഫെബ്രുവരി 15 - മാർച്ച് 15**

Date: 30/01/2026

എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന കമ്മിറ്റിയിൽ നിന്നും ജില്ലാ മേഖലക്ലസ്റ്റർ യൂണിറ്റ് പ്രസിഡണ്ട്, സെക്രട്ടറി എന്നിവരെ അറിയിക്കുന്നത്

ബഹുമാന്യരെ, اَلسَّلَامُ عَلَيْكُمْ

കഴിഞ്ഞ 20 വർഷമായി നമ്മുടെ സംഘടനയ്ക്ക് കീഴിൽ നടന്നുകൊണ്ടിരിക്കുന്ന ജീവകാരുണ്യ പദ്ധതിയാണല്ലോ സഹചാരി റിലീഫ് സെൽ . മുൻ വർഷങ്ങളിൽ നിങ്ങളുടെ യൂണിറ്റിൽ നിന്നും സഹചാരിക്ക് ലഭിച്ച സഹായവും പിന്തുണയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും നിങ്ങളുടെ സഹായങ്ങൾ അനിവാര്യമാണ്. സഹചാരിയിലൂടെ ഓരോ വർഷവും ആയിരക്കണക്കിന് രോഗികൾക്ക് ആശ്വാസമേകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വൃക്ക രോഗത്താൽ പ്രയാസപ്പെടുന്ന രോഗികൾക്ക് ഡയാലിസിസ് സഹായങ്ങൾ, വൃക്ക മാറ്റിവെച്ചവർക്ക് മരുന്നിനുള്ള സഹായം, ക്യാൻസർ രോഗികൾക്കും ഹൃദ്രോഗികൾക്കും പ്രത്യേക സഹായം,

സ്ഥിരമായി മരുന്ന് കഴിക്കുന്ന സാമ്പത്തിക കഷ്ടത അനുഭവിക്കുന്നവർക്കുള്ള സഹായങ്ങൾ തുടങ്ങി വിവിധങ്ങളായ ആതുരസേവന പ്രവർത്തനങ്ങളാൽ സഹചാരി റിലീഫ് സെൽ ഇന്ന് സമൂഹത്തിന്റെ അത്താണിയും പ്രതീക്ഷയുമായി മാറിയിരിക്കുന്നു.

കഴിഞ്ഞ ഒരു വർഷം 585 ഹൃദ്രോഗികൾക്ക് 38,49,000 രൂപയും, 928 കാൻസർ രോഗികൾക്ക് 58,12,00 രൂപയും 1240 ഡയാലിസിസ് രോഗികൾക്ക് 63, 90, 500 രൂപയും റോഡ് അപകടത്തിൽപെട്ട 620 പേർക്ക് 64,03,500 രൂപയും മറ്റു 1,810 രോഗികൾക്ക് 1,82,88,500 രൂപയും, പതിനെട്ട് വയസ്സിന് താഴെ കാൻസർ ഉള്ള 73 രോഗികൾക്ക് സ്പെഷൽ ധനസഹായമായി 2,19,000 രൂപയും, 103 ഡയാലിസിസ് രോഗികൾക്ക് ഒരു വർഷത്തെ സഹായം 37,08 ,000 രൂപയും, കിഡ്നി മാറ്റി വെച്ച 100 രോഗികൾക്ക് ഒരു വർഷത്തെ സഹായം 30,00,000 രൂപയും മരുന്ന് വിതരണത്തിനായി 8,44,350 രൂപയും സഹായം നൽകി.

തുടർന്നും സഹചാരിയുടെ സേവനങ്ങൾ മുടങ്ങാതിരിക്കാനും പുതിയ പദ്ധതികൾ നടപ്പിലാക്കാനും നിങ്ങളുടെ സഹായസഹകരണങ്ങൾ ആവശ്യമാണ്.

- ഈ വർഷത്തെ ഫണ്ട് ശേഖരണം **ഫെബ്രുവരി 20 (റമളാനിലെ ആദ്യ വെള്ളിയാഴ്ച)** നടക്കുകയാണ്. അന്നു തന്നെ നിർബന്ധമായും ഫണ്ട് ശേഖരിക്കണം. (നിങ്ങളുടെ ശാഖയിൽ നിന്ന് കിട്ടിയ സംഖ്യ ഓർഗാനെറ്റ് സൈറ്റിൽ റിപ്പോർട്ട് ചെയ്യുന്നതാണ് )
- മഹല്ല് ജമാഅത്ത് കമ്മിറ്റികൾക്കുള്ള കത്ത് നേരത്തെ തന്നെ ബന്ധപ്പെട്ടവർക്ക് നൽകി ആദ്യ വെള്ളിയാഴ്ചയിലെ ഫണ്ട് ശേഖരണത്തിനുള്ള ക്രമീകരണം നടത്തണം. (കഴിഞ്ഞ ഒരു വർഷത്തിൽ ശാഖയിലേക്ക് സഹചാരിയിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ അവരെ ധരിപ്പിക്കണം)
- ശാഖയിലെ പ്രമുഖരെ കണ്ട് ലഘുലേഖയും പ്രത്യേക കവറും നൽകി വലിയ സംഖ്യകൾ സ്വരൂപിക്കണം.
- മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി വെള്ളിയാഴ്ച പള്ളികളിൽ നിന്ന് ശേഖരിക്കുന്ന തുക 21ന് ശനിയാഴ്ച തന്നെ സഹചാരി ആപ്പ്(skssfsahajari.com)മുഖേന നിക്ഷേപിക്കുകയും തുടർന്ന് പ്രധാന വ്യക്തികളിൽ നിന്നും പ്രവർത്തകരിൽ നിന്നും ലഭിക്കുന്ന വിഹിതം ശാഖാ കമ്മിറ്റി മുഖേന ആപ്പിൽ നിക്ഷേപിക്കേണ്ടതാണ്.
- **റമദാൻ 28ന് രാത്രി 12 മണിക്ക്** മുമ്പായി ശാഖകളിൽ നിന്നുള്ള ഫണ്ട് സമാഹരണം പൂർത്തിയാക്കേണ്ടതാണ്.
- നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന തുക അനുസരിച്ച് ഏറ്റവും കൂടുതൽ ഫണ്ട് സമാഹരിക്കുന്ന ശാഖ, ക്ലസ്റ്റർ, മേഖല, ജില്ല കമ്മിറ്റികളിൽ നിന്ന് ഒന്ന്, രണ്ട് , മൂന്ന് സ്ഥാനക്കാർക്ക് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ സ്മാരക ഉപഹാരങ്ങൾ നൽകുന്നതാണ്.
- ആപ്പിൽ തുക നിക്ഷേപിക്കുന്നവർക്ക് ഓൺലൈൻ റസീപ്റ്റ് ലഭിക്കുന്നതാണ്.
- ഓരോ ഘടകങ്ങളിലും ഫണ്ട് ശേഖരണത്തിന്റെ ഉദ്ഘാടനങ്ങൾ നടക്കണം.
- സംസ്ഥാന തലം : ഫെബ്രുവരി 15
- ജില്ലാ തലം : ഫെബ്രുവരി 16
- മേഖലാ തലം : ഫെബ്രുവരി 17
- ക്ലസ്റ്റർ തലം : ഫെബ്രുവരി 18
- ശാഖാ തലം : ഫെബ്രുവരി 19
- മേഖലാ ഭാരവാഹികൾ വിവിധ ഗ്രൂപ്പുകളായി ശാഖകളിലെ പ്രധാനിളെ നേരിൽ കണ്ടു കൊണ്ടാണ് ശാഖാതല ഉദ്ഘാടനങ്ങൾ നടക്കേണ്ടത്.
- സഹചാരി ഫണ്ട് ശേഖരണത്തിന്റെ വിജയത്തിനായി മേഖലാ തലത്തിൽ പ്രത്യേക സമിതി രൂപീകരിക്കുക
- സംസ്ഥാന കമ്മിറ്റി നൽകുന്ന പോസ്റ്റർ, ലഘുലേഖ, കത്തുകൾ, സോഷ്യൽ മീഡിയ പോസ്റ്റർ, വീഡിയോ എന്നിവ യഥാസമയം താഴെ തട്ടിലേക്ക് എത്തിക്കുക
- സഹചാരി ഫണ്ട് സമാഹരണം നടത്താത്ത യൂണിറ്റുകൾക്ക് സഹായത്തിന് അപേക്ഷിക്കാൻ സാധിക്കുകയില്ല

സഹചാരി ഫണ്ട് ശേഖരണം ഉൾപ്പെടെ നമ്മുടെ എല്ലാ സൽപ്രവർത്തനങ്ങളും അല്ലാഹു സ്വീകരിക്കട്ടെ ! ആമീൻ

**പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ**
(പ്രസിഡണ്ട് , SKSSF സംസ്ഥാന കമ്മിറ്റി)

**ഒ.പി.എം. അഷ്റഫ് കുറ്റിക്കടവ്**
(ജന. സെക്രട്ടറി, SKSSF സംസ്ഥാന കമ്മിറ്റി)